ഉത്തരം

(എ) സഹകരണ റജിസ്ട്രാറുടെ ഭരണത്തിൻ കീഴിൽ സഹകരണ മേഖലയിൽ സർവ്വീസ് കോർപ്പറേഷൻ ബാങ്കുകൾ എന്ന സ്ഥാപനങ്ങൾ ഇല്ല. സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കുകൾ മാത്രമേയുള്ളു. പ്രാഥമിക കാർഷിക സർവ്വീസ് സഹകരണ സംഘങ്ങൾ 1977-78-ൽ 7124 ലക്ഷം രൂപയുടെ വായ്പ അംഗങ്ങൾക്ക് നൽകുകയുണ്ടായി.

(ബി) സർവ്വീസ് സഹകരണ സംഘങ്ങൾ ദീർഘ കാല വായ്പകൾ നൽകാറില്ല.

(സി) മിഡ് ടേം ലോൺ എന്നതു കൊണ്ട് ഉദ്ദേശിക്കുന്നത് മദ്ധ്യ കാല വായ്പ എന്നാണെങ്കിൽ 1977-78-ൽ പ്രാഥമിക കാർഷിക സർവ്വീസ് സഹകരണ സംഘങ്ങൾ 1376 ലക്ഷം രൂപ മദ്ധ്യകാല വായ്പയായി വിതരണം ചെയ്തിട്ടുണ്ട്.

സഹകരണ സംഘങ്ങൾ മുഖേന ലോൺ

681 [992] ശ്രീ. ആർ. സുന്ദരേശൻ നായർ:
ശ്രീ. എസ്. തങ്കപ്പൻ പിള്ള:
ശ്രീ. വട്ടിയൂർക്കാവ് രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1978-79 സാമ്പത്തിക വർഷത്തിൽ ഷോർട്ടു ടേം, മീഡിയം ടേം, ലോംഗ് ടേം വായ്പയിനങ്ങളിൽ എന്തു തുക സഹകരണ സംഘങ്ങൾ മുഖേന കൃഷിക്കാർക്ക് വിതരണം ചെയ്തു?

(ബി) ഓരോ ജില്ലയിലും എത്ര രൂപ വീതം;

(സി) ഏതെല്ലാം കാർഷിക പദ്ധതികൾക്ക്;

ഉത്തരം

(എ) ഷോർട്ട് ടേം ലോൺ 4357.99 ലക്ഷം രൂപ
മീഡിയം ടേം ലോൺ 1455.33 ലക്ഷം രൂപ
ലോംഗ് ടേം ലോൺ 826.98 ലക്ഷം രൂപ

LIBRARY ARCHIVES Kerala Legislative Assembly

(ബി) പൂർണ്ണ വിവരം താഴെ ചേർക്കുന്നു:

(രൂപ ലക്ഷക്കണക്കിൽ)

ജില്ല	ഷോർട്ട്ടേം ലോൺ	മീഡിയംടേം ലോൺ	ലോംഗ്ടേം ലോൺ
തിരുവനന്തപുരം	198.83	49.26	118.17
കൊല്ലം	483.12	154.99	117.10
ആലപ്പുഴ	260.59	136.13	56.64
കോട്ടയം	563.98	746.73	39.22
ഇടുക്കി	281.23	34.87	92.91
എറണാകുളം	425.35	181.04	53.93
തൃശ്ശൂർ	316.50	62.50	55.07
പാലക്കാട്	425.95	3.78	26.18
മലപ്പുറം	268.05	16.43	70.52
കോഴിക്കോട്	246.43	0 13	74.04
കണ്ണൂർ	887.96	69.47	123.20
	4357.99	1455.33	826.98

(സി) (1) സീസണൽ ആയുള്ള പ്രവർത്തനങ്ങൾക്ക് (2) കാർഷിക ഉപകരണങ്ങൾ വാങ്ങുന്നതിന് (3) കാർഷികോൽപ്പന്നങ്ങൾ തയ്യാറാക്കുന്നതിന് (4) മറ്റു കാർഷികാവശ്യങ്ങൾക്ക്, എന്നിവയ്ക്കാണ് സഹകരണസംഘങ്ങൾ മുഖേന ഹ്രസ്വകാലവായ്പ (ഷോർട്ട്ടേം ലോൺ) വിതരണം ചെയ്തത്.

മീഡിയം ടേം ലോൺ താഴെപ്പറയുന്ന ആവശ്യങ്ങൾക്ക് വിതരണം ചെയ്തു.

1. കിണർ കുഴിക്കുന്നതിന്
2. സഹകരണ സ്ഥാപനങ്ങളുടെ വിപണന പദ്ധതികൾക്ക്
3. കന്നുകാലി സംരക്ഷണത്തിന്
4. കൃഷി ഭൂമി മെച്ചപ്പെടുത്തുന്നതിന് ചെറുതോതിലുള്ള പ്രവർത്തനങ്ങൾക്ക്
5. മറ്റ് കാർഷികാവശ്യങ്ങൾക്ക്

ലോംഗ്ടേം ലോൺ താഴെപ്പറയുന്ന പദ്ധതികൾക്ക് വേണ്ടി വിതരണം ചെയ്തു.

1. കിണറ് കുഴിക്കുന്നതിനും അതിന്റെ അറ്റകുറ്റപ്പണികൾക്കും.
2. ചെറുകിട ജലസേചന പരിപാടികൾക്ക്
3. കാർഷികാവശ്യത്തിനുള്ള യന്ത്രങ്ങൾ വാങ്ങുന്നതിന്
4. തോട്ടങ്ങൾക്ക്
5. മറ്റ് ആവശ്യങ്ങൾക്ക്

LIBRARY ARCHIVES Kerala Legislative Assembly